# നന്ദിയോട് ഗ്രാമപഞ്ചായത്ത്

കമ്മിറ്റി തീരുമാനം ..........................

നന്ദിയോട് – ആനാട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിയാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത പദ്ധതിയായ നന്ദിയോട് ആനാട് കുടിവെള്ള പദ്ധതി . ഈ പദ്ധതിയ്ക്ക് വേണ്ടി ശുദ്ധീകരണശാല പണിയുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റി കണ്ടെത്തിയ സ്ഥലം പാലോട് റേഞ്ചിൽ പ്പെട്ട ചെക്കോണം ഫോറസ്റ്റ് ബീറ്റിൽ നന്ദിയോട് ചേർന്നുള്ള ഫോറസ്റ്റ് ബൗൺട്രിയോട് ചേർന്നുള്ള സ്ഥമാണ്. അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി നിശ്ചയിച്ച സ്ഥലം 2014 മാർച്ച് പഞ്ചായത്ത് വിലയ്ക്ക് വാങ്ങുകയുണ്ടായി. ഈ ഭൂമിയിലേയ്ക്ക് വാഹന ഗതാഗതത്തിന് ഫോറസ്റ്റ് ബൗൺട്രി ആവശ്യമാണ്. ഈ ബൗൺട്രിയിൽ കൂടി 78 മീറ്റർ നീളത്തിൽ 5 മീറ്റർ വീതിയിൽ വഴി ലഭിക്കപ്പെടുമ്പോൾ തിരുവനന്തപുരം ചെങ്കോട്ട റോഡിൽ എത്തിച്ചേരാൻ കഴിയും. പ്രസ്തുത ബൗൺട്രിയിൽ മരങ്ങളൊന്നും ഇല്ലാത്തതും ഇപ്പോൾ അവിടെ വഴി തെളിഞ്ഞുകാണുന്നതുമാണ്. ഈ ബൗൺട്രിയിൽ കൂടി മാത്രമേ ശുദ്ധീകരണശാലയിലേയ്ക്ക് വെള്ളം കൊണ്ടുവരാനും ശുദ്ധീകരിച്ച് കൊണ്ടുപോകാനും കഴിയുകയുള്ളു. മറ്റുമാർഗ്ഗങ്ങളൊന്നും ഇല്ലാതിരിക്കേ രണ്ടു പഞ്ചായത്തിലേയും മുഴുവൻ ആദിവാസികൾക്കും പട്ടികജാതിക്കാരും ഉൾപ്പെടെ എല്ലാ ജനവിഭാഗങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി മേൽപറഞ്ഞ സ്ഥലം ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് വിട്ടു തരണമെന്നും അതിനുള്ള വില പഞ്ചായത്ത് അടയ്ക്കുന്നതാണെന്നും ബഹുമാനപ്പെട്ട ഡി.എഫ്.ഒയോട് അറിയിക്കുന്നു. ആയതിനാൽ ഇതിന് അനുവാദം നൽകണമെന്നും താഴ്മായി അപേക്ഷിക്കുന്നു.

OFFICE OF THE NANNIYODE GRAMA PANCHAYAT

T. SUDHARSANAN
SECRETARY
Nanniyode Grama Panchayat
Ph:0472-284022 / 9496040707